**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3175** | | **13.03.2017-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **ഉറവിട മാലിന്യ സംസ്കരണം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.വി.കെ.സി.മമ്മത് കോയ** | | **ഡോ.കെ.ടി.ജലീൽ തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | ഉറവിട മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | 1. ഉറവിട മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി കൈപുസ്തകം, ലഘുലേഖ, പത്രദൃശ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യം, റേഡിയോ, ടി.വി പരസ്യങ്ങൾ, റെയിൽവേ ജിങ്കിൾസ്, എക്സിബിഷനുകൾ, ബോധവൽക്കരണ സെമിനാറുകൾ, കലാപരിപാടികൾ എന്നിങ്ങനെയുള്ള വിവരവിജ്ഞാനവ്യാപനപ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ഗ്രീൻ പ്രോട്ടോക്കോൾ, സ്വാപ്പ് ഷോപ്പ് എന്നീ പ്രവർത്തനങ്ങളിലൂടെ മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും പുന:രുപയോഗ സാധ്യത ഉപയോഗപ്പെടുത്തുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br>2. സ്കൂൾ മേലധികാരികൾ, കുട്ടികൾ, MPKBY ഏജന്റുമാർ, JHI/HI/BDO, തദ്ദേശസ്ഥാപന സെക്രട്ടറിമാർ റിസോഴ്സ് പേഴ്സൺമാർ എന്നിവർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇവരും ഉറവിട മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് മാലിന്യ ശാസ്ത്രീയമായി കൈകാര്യം ചെയ്യേണ്ടുന്ന രീതികൾ പൊതുജനങ്ങളിലെത്തിക്കുന്നതിന് തദ്ദേശ സ്ഥാപനതലങ്ങളിൽ പരിശീലനങ്ങൾ നടത്തി വരുന്നു. |
| (ബി) | ഉറവിട മാലിന്യ സംസ്കരണം നിർബന്ധിതമാക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുമോ? | (ബി) | കേന്ദ്ര സർക്കാരിന്റെ ഖരമാലിന്യ പരിപാലന നിയമം 2016 നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ